**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 79** **24-06-2026-ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയുടെ വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് വികസനപദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഉണ്ട്. മത്സ്യ ഉല്പാദനവും മത്സ്യബന്ധന വികസനവും, ഉൾനാടൻ മത്സ്യകൃഷി വികസനം, മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ, ഭവനവും അടിസ്ഥാന സൗകര്യ വികസനവും, മത്സ്യബന്ധന സുരക്ഷയും ദുരന്ത നിവാരണവും, മത്സ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യ വർദ്ധനയും വിപണനവും, മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം, കാലാവസ്ഥാ വ്യതിയാനം, തീരദേശ സംരക്ഷണം, ഗവേഷണം, പരിശീലനം, സാങ്കേതിക വികസനം എന്നീ മേഖലകളിലാണ് പ്രധാനമായും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസങ്ങളിൽ അവരുടെ ജീവ സന്ധാരണത്തിനായും സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോട് കൂടിയും നടപ്പിലാക്കുന്ന പദ്ധതിയാണ് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി.

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക / വിദ്യാഭ്യാസ/ ആരോഗ്യ രംഗങ്ങളിലെ പിന്നാക്കാവസ്ഥയ്ക്ക് മാറ്റം വരുത്തി സമൂഹത്തിന്റെ മുൻനിരയിലെത്തിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ ഒരു പരിധി വരെ പരിഹരിക്കുന്നതിനും നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ് വിദ്യാതീരം പദ്ധതിയും തീരോന്നതി പദ്ധതിയും.

PMMSY പദ്ധതി പ്രകാരം 9 തീരദേശ ഗ്രാമങ്ങളെ മോഡൽ ഫിഷിംഗ് വില്ലേജ് ആക്കുന്നതിനുള്ള പദ്ധതിയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആറാട്ടുപുഴ, ചെല്ലാനം നായരമ്പലം, എടക്കഴിയൂർ, താനൂർ, പൊന്നാനി, ചാലിയം, ചാലിൽ ഗോപാൽപേട്ട, ഷിറിയ തുടങ്ങിയ മത്സ്യഗ്രാമങ്ങളിലായി മത്സ്യത്തൊഴിലാളികൾക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഉപജീവന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

**മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു .**

(1) ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി).

(2) ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള വായ്പാ പദ്ധതികൾ

(എ) മൈക്രോഫിനാൻസ്

(ബി) ടേം വായ്പകൾ

(3) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി

(4) നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുമുള്ള സബ്സിഡി

(5) മത്സ്യത്തൊഴിലാളികളുടെ വായ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

(6) മത്സ്യഫെഡ് മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി

(7) സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി

(8) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)

(9) എഫ്.എഫ്.പി.ഒ പദ്ധതി

(10) പ്രധാൻ മന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ് യോജന പദ്ധതി (PM-MKSSY)

(11) മണ്ണെണ്ണ എഞ്ചിൻ - പെട്രോൾ എഞ്ചിനുകളിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സബ്സിഡി

(12) മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം എൽ.പി.ജി എഞ്ചിനാക്കുന്നതിനുള്ള പദ്ധതി - സബ്സിഡി

(13) മണ്ണെണ്ണ എഞ്ചിനിൽ നിന്ന് പെട്രോൾ എഞ്ചിനിലേക്ക് മാറുന്ന, പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് - പെട്രോൾ സബ്സിഡി

(14) വെള്ള മണ്ണെണ്ണ സബ്സിഡി,വ്യാസ സ്റ്റോറുകൾ ,നെറ്റ് ഫാക്ടറികൾ.

**സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

1. ഒരു കുടുംബം ഒരു തൊഴിൽ
2. ഷീ ഓട്ടോ പദ്ധതി
3. ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾക്ക് (JLG) പലിശരഹിത വായ്പ
4. വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം
5. കപ്പാസിറ്റി ബിൽഡിംഗ് പരിശീലന പരിപാടികൾ
6. ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പുകളിൽ നിന്ന് ബിസിനസ് ഗ്രൂപ്പുകളിലേക്കുള്ള മാറ്റം (പലിശ സബ്സിഡി)
7. തീരമാവേലി
8. ബ്രാൻഡിംഗ് & മാർക്കറ്റിംഗ്
9. ബിസിനസ്സിന്റെ നൂതന മാറ്റത്തിനുള്ള സഹായം സാമൂഹിക ക്ഷേമ ഇടപെടലുകൾ

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൽക്കുമായി നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. അതിൽ വ്യക്തിഗത ആക്സിഡന്റ്റ് ഇൻഷുറൻസ് പദ്ധതി, സാന്ത്വനതീരം പദ്ധതി, വിദ്യാഭ്യാസ ധന സഹായം, വിവാഹ ധന സഹായം, മരണാനന്തര ധന സഹായം മുതലായവ ഉൾപ്പെടുന്നു.

**(ബി)** മത്സ്യത്തൊഴിലാളികൾക്ക് ട്രോളിംഗ് നിരോധന കാലയളവിൽ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാന സർക്കാർ, ഫിഷറീസ് – തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കുന്ന തണൽ പദ്ധതിയിലൂടെ FIMS ൽ എൻറോൾചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും 1350/- രൂപ ഒറ്റതവണ ധനസഹായം നൽകുന്നുണ്ട്.

ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികൾക്കും, അനുബന്ധതൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഈ വർഷം ഗുണഭോക്തൃവിഹിതമായ 1500/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**